(ബി) നിലവിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയൊന്നും തന്നെ നേരിടുന്നില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാൽ നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നികുതിയിനങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയിനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്കീമുകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് സ്കീം അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പൂർപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23-2-2015-ലെ സ. ഉ. (പി.) നമ്പർ 48/2015/ധന. പ്രകാരം നടപ്പിലാക്കിയ സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA). ഈ പരിഷ്കരണത്തിലൂടെ സർക്കാർ നൽകുന്ന ഫണ്ടുകൾ വിനിയോഗിക്കപ്പെടാതെ ദീർഘകാലം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.

മരാമത്ത് പണികൾ ഏറ്റെടുത്തുനടത്തുന്ന കരാറുകാർക്ക് കുടിശ്ശിക തുക മാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾ മുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ബാങ്കുകൾ കരാറുകാരുടെ ചെക്ക് ഡിസ്കൗണ്ട് ചെയ്തശേഷം തുക കരാറുകാർക്ക് നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുക കാലതാമസം കൂടാതെ ലഭിക്കുന്നതുകൊണ്ട് കരാറുകാർക്ക് മറ്റ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നുവെന്ന നേട്ടമുണ്ട്.

ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച ഈ നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതേയുള്ളൂ.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

70 (3174) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ, വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ വാഹന ദുരുപയോഗത്തിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പിഴ എത്രയാണ്; പ്രസ്തുത പിഴ വർദ്ധിപ്പിച്ച് വാഹന ദുരുപയോഗം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധന നടത്താറുണ്ട്.

(ബി) 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ* കാണാവുന്നതാണ്.

(സി) 24-2-2003-ലെ സ. ഉ. (എംഎസ്.) നമ്പർ 113/03/ധന. അനുസരിച്ച് വാഹന ദുരുപയോഗം കണ്ടെത്തിയാൽ പ്രസ്തുത വാഹനം, കഴിഞ്ഞ ഒരു കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ ദൂരം യാത്ര ചെയ്ത മാസത്തെ ഇന്ധന ചെലവ് കണക്കാക്കുകയും ആയതിന്റെ പകുതി തുക പിഴ ഇനത്തിൽ ഈടാക്കുന്നതുമാണ്.

പിഴത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. എന്നാൽ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ

71 (3175) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly